# സ്ത്രീകളുടെ എഴുത്തും നവോത്ഥാനവും

അബ്ദുൽ ഖാദിർ കരുവമ്പൊയിൽ

സ്ത്രീകളുടെ കയ്യെഴുത്ത് വിഷയത്തിൽ സമസ്തക്കാർ വെച്ചു പുലർത്തിയ കാടത്തരവും മുജാഹിദുകൾ ഉണ്ടാക്കിയ നവോത്ഥാനവും നിങ്ങൾ വായിച്ചുകാണും?[1] അനുബന്ധമായി ഏതാനും കാര്യങ്ങൾ കൂടി വായനക്കാരുടെ ശ്രദ്ധയിൽ പെടുത്തട്ടെ.

1. സ്ത്രീകൾ എഴുത്ത് പഠിക്കേണ്ടതിന്റെ അനിവാര്യതയെ സംബന്ധിച്ച് അൽമനാർ മാസികയിൽ ഹലീമാ ബീവി എന്ന ഒരു സ്ത്രീ ധാരാളം എഴുതി. അതിനെ ഖണ്ഡിച്ചുകൊണ്ട് സമസ്തക്കാരുടെ ആദ്യ കാലത്തുള്ള അൽ ബുർഹാൻ അറബി മലയാള മാസികയിൽ എഴുതിയത് കാണുക.

''സാമൂഹ്യ സേവനത്തെ കുറിച്ചു ബീവി തന്നെ വളരെ പുകഴ്ത്തിപ്പറഞ്ഞ ഹള്റത്ത് ഉമ്മുൽ മുഅ്മിനീൻ ആഇശ (ﷺ) സാമൂഹ്യ സേവനം ചെയ്തിരുന്നത് എഴുത്ത് പഠിച്ചിട്ടായിരുന്നോ? സ്ത്രീകൾക്ക് ചെയ്യാവുന്ന സാമൂഹ്യ സേവനങ്ങൾക്ക് എഴുത്ത് പഠിക്കേണ്ട യാതൊരു ആവശ്യവുമില്ല. എഴുത്ത് പഠിച്ചല്ലാതെ ചെയ്യാൻ കഴിയാത്ത യാതൊരു സാമൂഹ്യ സേവനവും സ്ത്രീകളെ മേൽ ശറഅ് വെച്ചു കെട്ടീട്ടുമില്ല.''(1962 ജനുവരി).

സ്ത്രീകളുടെ അക്ഷരവിദ്യാഭ്യാസത്തോട് ഇവർക്കുണ്ടായിരുന്ന നിലപാട് ഈ വരികളിൽ നിന്ന് വ്യക്തമാണല്ലോ?. ഇവരെ സംബന്ധിച്ചിടത്തോളം സ്ത്രീകൾ എഴുത്ത് പഠിക്കൽ അനിവാര്യ ഘടകമല്ല. അത് പാലിക്കാതെ തന്നെ സ്ത്രീകൾക്ക് സാമൂഹ്യ സേവനം നടത്താം. അഥവാ എഴുത്ത് പഠിക്കൽ അനിവാര്യമല്ലാത്ത സാമൂഹ്യ സേവനങ്ങൾ മാത്രമേ ഇവരുടെ സ്ത്രീകൾക്ക് പാടുള്ളൂ. ഈ മസ്അല പ്രകാരം മർക്കസിലെ ഹൈസ്കൂളിലും മറ്റും ഇവരുടെ പെൺകുട്ടികൾക്ക് എഴുതാൻ കടലാസും പുസ്തകങ്ങളും പേനയുമൊന്നും നിർബന്ധമില്ല. പ്രസവിക്കുന്ന സ്ത്രീകളുടെ അടുത്ത് നഫീസത്ത് മാല ചൊല്ലിയിരിക്കാനും മുസ്ലിയാരുടെ അടുത്തേക്ക് പിഞ്ഞാണമെഴുതിപ്പിക്കാനും മന്ത്രിപ്പിക്കാനും പോകുന്നതിനും അക്ഷരാഭ്യാസം അനിവാര്യമല്ലല്ലോ. ഖുറാഫി വനിതകളുടെ സാമൂഹ്യ സേവനം ഈ നിലക്ക് മുസ്ലിയാക്കൻമാർക്ക് നല്ലപോലെ ഉപയോഗപ്പെടുത്താം.

2. എഴുത്ത് പഠിക്കാത്തതിനെ ന്യായീകരിച്ച് കൊണ്ട് പഴയ കാല ഖുറാഫി വനിത ഇവരുടെ അറബി മലയാള മാസികയിൽ എഴുതിയിരിക്കുന്നത് കാണുക.

''എനിക്ക് അറബിയും അറബിമലയാളവും നല്ലവണ്ണം വായിക്കാൻ അറിയാമെന്ന് എന്റെ ലേഖനത്തിൽ ഞാൻ വ്യക്തമാക്കിയിരുന്നതാണ്. എന്നാൽ ഞാൻ എഴുത്ത് ശീലിക്കാതിരുന്നത് ഒരു കുറച്ചിലായി കരുതുന്നില്ലെന്നും സ്ത്രീകൾ എഴുത്ത് പഠിക്കൽ അത്ര നന്നല്ലെന്ന് ഹദീസ് കൊണ്ട് തെളിയുന്നുണ്ടെന്നും ആ ഹദീസ് സ്വഹീഹായ സനദോട് കൂടി ബൈഹഖിയും മറ്റും രിവായത്ത് ചെയ്തതായി ഇബ്നു ഹജർ (رحمه الله) ഫതാവൽ ഹദീസിയ്യയിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും ഞാൻ പറഞ്ഞിരുന്നു.''(അൽ ബുർഹാൻ 1962 ജനുവരി)

ളഈഫായ വാറോലയുദ്ധരിച്ച് സ്ത്രീകളുടെ അക്ഷരവിദ്യയെ നല്ലതല്ലാത്ത ഒരു കാര്യമായും എഴുത്ത് പഠിക്കാതിരിക്കൽ ഒരു കുറച്ചിലല്ലാത്ത കാര്യമായും അവതരിപ്പിക്കുകയാണിവിടെ.

---

[1] http://salafivoice.com/articles/Navodhanam_Janangale_Kabalippikkunna_Samasthakkar.pdf

3. സ്ത്രീ അക്ഷര വിദ്യ കറാഹത്താണെന്നതിന് ഇബ്നു ഹജറുൽ ഹൈതമി ഉദ്ധരിച്ച വാറോലയെ ന്യായീകരിച്ചുകൊണ്ടും മുജാഹിദ് മാസികയിൽ അതിനെ വിമർശിച്ചതിനെ ഖണ്ഡിച്ചുകൊണ്ടും അൽ ബുർഹാൻ അറബി മലയാള മാസികയിലെഴുതുന്നു.

''ശ്രീമതി ഹലീമ ബീവിക്ക് അൽ മുർശിദും അതിന്റെ പണ്ഡിതൻമാരുമാണ് കൂടുതൽ വിശ്വാസ യോഗ്യമായി തോന്നുന്നതെങ്കിൽ അവർക്ക് സ്വാതന്ത്ര്യമുണ്ട്. പക്ഷേ എനിക്ക് അവരേക്കാൾ വിശ്വാസ യോഗ്യമായത് ഖാതിമത്തുൽ മുഹഖിഖീൻ, ഇബ്നു ഹജർ (റ)യും അവരുടെ ഫതാവൽ ഹദിസിയ്യയുമാകുന്നു. ഹദീസിന്റെ പരമ്പരയിൽ കളവ് പറയുന്ന ഒരു റാവി പെട്ടുപോയാൽ ആ ഹദീസിന് 'മൗളൂഅ്'എന്നാണ് പറയുക. അത്തരം ഹദീസ് ഒരു നിലയിലും സ്വീകാര്യമല്ല എന്നാണ് ഉലമാക്കൾ പറയുന്നത്. എന്നാൽ അത്തരം ഒന്നാണ് പ്രകൃത ഹദീസെങ്കിൽ മഹാനായ ഇബ്നു ഹജർ (റ) അത് സ്വഹീഹാണെന്ന് പറയുമെന്ന് അദ്ദേഹത്തെക്കുറിച്ച് അൽപെമെങ്കിലും അറിയുന്ന ഒരാളും ഊഹിക്കുക പോലുമില്ല''. (1962–ജനുവരി)

ഹലീമാ ബീവി എന്ന ഒരു സ്ത്രീയാണ് അൽ മനാറിൽ സ്ത്രീകളുടെ അക്ഷര വിദ്യാഭ്യാസത്തെ സംബന്ധിച്ചെഴുതിയത്. അതിനെ വിമർശിച്ചുകൊണ്ടാണ് അൽ ബുർഹാനിൽ മേൽ പ്രകാരമെഴുതിയത്. ഹൈതമിയുടെ വാറോലയിലൂടെ സ്ത്രീകളുടെ അക്ഷര വിദ്യാ വിരോധത്തിന് മേൽവിലാസമുണ്ടാക്കിയതാണ് സമസ്തക്കാർ എന്നർത്ഥം.

4. നബി (ﷺ) ഞാൻ ഉമ്മിയ്യാണെന്ന് പറഞ്ഞ ഭാഗം ദുരുപയോഗം ചെയ്തു കൊണ്ടെഴുതുന്നു:

''നബി (ﷺ) പറയുന്നു. നഹ്നു ഉമ്മത്തുൻ ഉമ്മിയ്യത്തുൻ. (ബുഖാരി) നാം (അറബികൾ) എഴുത്ത് പഠിച്ചിട്ടില്ലാത്ത ഒരു സമുദായമാണ് എന്ന്. അത്തരക്കാരായ ഒരു സമുദായത്തെ അഭിമുഖീകരിച്ചുകൊണ്ടായിരുന്നു 'വൽ മർഅത്തു റാഇഅത്തുൻ ഫീ ബൈതി സൗജിഹാ'എന്ന് നബി (ﷺ) പ്രസ്താവിച്ചത്. ആ സമുദായത്തിന് (പുരുഷന്മാർക്കും സ്ത്രീകൾക്കും) കയ്യെഴുത്ത് പഠിപ്പിക്കാതെ തന്നെ 'റാഇഅത്തുൻ' എന്ന വാക്കിന്റെ അർത്ഥം ഗ്രഹിക്കാനും പ്രവർത്തനത്തിൽ കൊണ്ട് വരുവാനും കഴിഞ്ഞിരുന്നുവെങ്കിൽ ഈ ഫാത്വിമ ബീവിമാർക്കും കയ്യെഴുത്ത് പഠിക്കാതെ തന്നെ 'റാഇഅത്തുൻ' എന്ന വാക്കിന്റെ അർത്ഥം ഗ്രഹിക്കാനും പ്രവർത്തിപഥത്തിൽ കൊണ്ട് വരാനും കഴിയുമെന്ന് ഈ ഹലീമ ബീവിമാർ ധരിച്ചു കൊള്ളട്ടെ.'' (അൽ ബുർഹാൻ 1962–ജനുവരി).

ഖുറാഫികളുടെ വനിതകൾ എഴുത്ത് പഠിക്കാത്തതിന് നബി എഴുത്ത് പഠിക്കാത്ത ആളായിരുന്നു എന്ന വസ്തുത ദുരുപയോഗം ചെയ്ത് മേൽവിലാസം ഉണ്ടാക്കാൻ ശ്രമിക്കുകയാണിവിടെ.

5. അൽ ബയാൻ അറബി മലയാള മാസികയിൽ സ്ത്രീകളുടെ അക്ഷരാഭ്യാസത്തിനെ സംബന്ധിച്ച് വന്ന ഒരു ചോദ്യവും മറുപടിയും കാണുക:

''പെൺകുട്ടികൾക്ക് കിതാബത്ത് പഠിപ്പിക്കുന്നതിൽ നമ്മുടെ ശറഇന്റെ വിധിയെന്താണ്?.
ഉത്തരം: പെൺകുട്ടികൾക്ക് കയ്യെഴുത്ത് പഠിപ്പിക്കുന്നതിൽ അങ്ങേ അറ്റമുള്ള വിധി കറാഹത്താണെന്ന് ഫതാവൽ ഹദീസിയ്യയിൽ ഇബ്നു ഹജർ (رحمه الله) പ്രസ്താവിച്ചിരിക്കുന്നു.'' (1956 ആഗസ്റ്റ്) ഹറാമും കറാഹത്തും ഉപേക്ഷിക്കുക വഴി എല്ലാ പ്രവർത്തിയും ഇബാദത്താക്കാമെന്നും ഇവർ പറയുന്നു: ''മനുഷ്യന്റെ എല്ലാ പ്രവർത്തികൾക്കും ഒരു വിധിയുണ്ടെന്നത് കൊണ്ട് തന്നെ ആ വിധി ഏതാണെന്ന് മനസ്സിലാക്കൽ ഒഴിച്ചു കൂടാത്ത കർതവ്യമായി. എന്നാൽ ആ വിധികളെ അറിയുകയും അവയിൽ നിന്നുള്ള ഹറാമിനേയും കറാഹത്തിനേയും ഉപേക്ഷിക്കുകയും ചെയ്താൽ അവന്റെ എല്ലാ പ്രവർത്തികളേയും ഇബാദത്താക്കാവുന്നതാണ്.'' (കർമ്മ ശാസ്ത്രം ശാഫിഈ മദ്ഹബിൽ. പേജ്: 3)

ഇവരുടെ മത പ്രകാരം സ്ത്രീകൾ അക്ഷരാഭ്യാസം പഠിക്കാതിരുന്നാൽ അത് വലിയൊരു ഇബാദത്തായി.

6. മദ്രസയിൽ നടത്തിയിരുന്ന പൊതു പരീക്ഷകളിൽ പോലും അക്ഷരാഭ്യാസത്തിന്റെ പേരിൽ സമസ്തക്കാർ സ്ത്രീകളോട് കാട്ടിയ വിവേചനം കാണുക:

‘‘പരീക്ഷാ ബോർഡ് യോഗം. പരീക്ഷാ ബോഡിന്റെ ഒരു സാധാരണ യോഗം സ്ഥലം ബോർഡാപ്പീസിൽ വെച്ച് പരീക്ഷാ ബോർഡ് ചേർമാൻ ജനാബ് കെ. എം അബൂബക്കർ ലബ്ബാ സാഹിബിന്റെ അദ്ധ്യക്ഷതയിൽ 21–11–58ന് ചേരുകയുണ്ടായി. വരുന്ന ശഅബാൻ ആദ്യത്തിൽ അംഗീകൃത മദ്രസ്സകളിലെ 5–ാം തരത്തിന് നടത്താൻ പോകുന്ന പൊതുപരീക്ഷ അതാത് മദ്രസ്സകളിൽ വെച്ചു തന്നെ ആൺകുട്ടികൾക്ക് എഴുത്ത് മുഖേനയും പെൺകുട്ടികൾക്ക് വാക്ക് മുലവും നടത്താൻ തീരുമാനിച്ചു.’’(അൽ ബയാൻ അറബി മലയാള മാസിക. 1958 ഡിസംബർ)

പെൺകുട്ടികളുടെ എഴുത്ത് ഒഴിവാക്കുക വഴി സമസ്തക്കാർ അതൊരു ഇബാദത്താക്കി മാറ്റുകയാണിവിടെ.

(അൽ ബയാൻ പേജ്: 28, 1930 മാർച്ച്. പുസ്തകം – 1, ലക്കം: 4–5)




(ഇതിന്റെ മലയാളരൂപം) "സ്ത്രീകൾക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ ശറഇൽ മക്റൂഹാണെന്നും മറ്റും പല മഹാന്മാരായ ഉലമാക്കൾ മുമ്പ് തന്നെ തീരുമാനിച്ചിട്ടുള്ളതിനാൽ അവർക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്ന് ഈ യോഗം തീരുമാനിക്കുന്നു" *(അൽ ബയാൻ പേജ്: 28, 1930 മാർച്ച്. പുസ്തകം–1, ലക്കം: 4–5)*

സ്ത്രീകളുടെ എഴുത്തഭ്യാസത്തിനോട് പഴയ കാലത്ത് ഇങ്ങനെയെല്ലാം പുറം തിരിഞ്ഞു നിന്ന ഈ വർഗമാണ് ഇപ്പോൾ നവോത്ഥാന നായകന്മാർ തങ്ങളാണെന്നവകാശപ്പെടുന്നത്. ഇവരുടെ ഈ പഴയ കാല ചരിത്രമെല്ലാം ജനം മറന്ന് പോയിട്ടുണ്ടാകുമെന്ന് നിനച്ചാണ് ഈയൊരു അവകാശ വാദത്തിന് ഇവർ കച്ച കെട്ടിയിറങ്ങിയിരിക്കുന്നത്. വിദ്യാഭ്യാസപരമായി സ്ത്രീകളുടെ അക്ഷരാഭ്യാസത്തെ നിരുൽസാഹപ്പെടുത്തലും അതിനെ ഹറാമാക്കിയും കറാഹത്താക്കിയും ഫത്‌വ നൽകലുമാണ് നവോത്ഥാനമെങ്കിൽ അതിന്റെ വക്താക്കൾ ക്വുബൂരികൾ തന്നെ. ബുദ്ധിയുള്ള ഒരാൾക്കും ഇതിനെ നവോത്ഥാനമെന്ന് പറയാൻ പറ്റുകയില്ലല്ലൊ? സംസ്കാര ശൂന്യമായ ഇത്തരം നെറികേടുകളെ എതിർത്ത് പുരുഷൻമാരെപ്പോലെ സ്ത്രീകളേയും അക്ഷരാഭ്യാസത്തിന് പ്രോൽസാഹിപ്പിക്കുകയും അതിന് വേണ്ടി പണിയെടുക്കുകയും അതിലേക്ക് സമൂഹത്തെ കൊണ്ട് വരികയും ചെയ്യലാണ് നവോത്ഥാനം. അതിന്റെ വക്താക്കൾ മുജാഹിദുകളാ

ണെന്ന് സലക്ഷ്യം വിശദീകരിച്ചു കഴിഞ്ഞതാണ്.[2] യാഥാർത്ഥ്യം മനസ്സിലാക്കുന്നവർക്ക് വേണ്ടിയാണ് പഴയ കാല സമസ്തയുടെ ചരിത്രത്തിൽ നിന്ന് ഇത്രയും ഇവിടെ കുറിച്ചത്.


(അൽ ബയാൻ പേജ് 17, 1930 ഫെബ്രുവരി. പുസ്തകം - 1, ലക്കം - 3)

(ഇതിന്റെ മലയാളരൂപം) "...ഇക്കാലത്തുള്ള സ്ത്രീ അക്ഷര വിദ്യ അധികവും ദീനിയായ വിഷയത്തിലോ, ശറഅ് അനുസരിച്ച രീതിയിലോ, കാര്യമായ ആവശ്യത്തിനോ അല്ലാത്തതോടുകൂടി അതിനാൽ കണക്കില്ലാത്ത പാപങ്ങൾ വന്നു വശാകുന്നതും അത് പല പാപങ്ങൾക്കുമുള്ള ഉപകരണമാവുന്നതും ദൃഷ്ടിയാൽ അറിയപ്പെടുന്നതായും അനുഭവപ്പെട്ടതായും വരുന്നത് കൊണ്ട് സ്ത്രീ അക്ഷരവിദ്യ ശറഅ് അനുസരിച്ച വിധത്തിലും ദീനിയായ വിഷയത്തിലും ആയാൽ അത് അസ്‌ലിൽ കറാഹത്ത് മാത്രമാണെങ്കിലും ഇക്കാലത്തുള്ള സ്ത്രീകൾക്ക് അക്ഷരവിദ്യ തീർച്ചയായും ഹറാമാവാൻ മാത്രമേ വഴി കാണുന്നുള്ളൂ." (അൽ ബയാൻ പേജ് 17, 1930 ഫെബ്രുവരി. പുസ്തകം-1, ലക്കം-3)

ബുദ്ധി സമസ്തക്കാർക്ക് അടിയറ വെച്ചിട്ടില്ലാത്തവരേ കണ്ണ് തുറക്കുക! ഈ സമൂഹം പൂർണ്ണമായും ഇവരുടെ കയ്യിലായിരുന്നുവെങ്കിൽ സ്ഥിതിയെന്തായിരിക്കും...?!

അക്ഷര വിദ്യയുടെ കാര്യത്തിൽ സമസ്തക്കാർ അവസാനം മുജാഹിദുകൾ പറഞ്ഞ വസ്തുത അംഗീകരിച്ചതും മദ്രസ്സാ പൊതു പരീക്ഷയിൽ പോലും പെൺകുട്ടികൾക്ക് കയ്യെഴുത്താക്കിയതും മറ്റും പ്രതിപാദിച്ചതോർക്കുമല്ലോ? ഹൈതമിയുടെ വാറോലയെല്ലാം ചവറ്റു കൊട്ടയിൽ തള്ളിയ ഇവർ അവസാന ഘട്ടത്തിൽ സമൂഹത്തോട് പറയുന്ന ചരിത്രം കാണുക:

''നബി(ﷺ)യുടെ സഹധർമ്മിണിമാർ സാക്ഷരരായിരുന്നു. ഖുർആൻ, ഹദീസ്, ചരിത്രം, കവിത തുടങ്ങിയ വിഷയങ്ങളിൽ അവർ വ്യുൽപ്പത്തി നേടിയിരുന്നു.''(മഹിളാ ചന്ദ്രിക 1996. ജനുവരി 1, സൈദുമുഹമ്മദ് നിസാമി)

ഇനി സമസ്തക്കാർ സമൂഹത്തോട് പറയട്ടെ. പ്രവാചകന്റെ മാതൃകാമഹതികളായ ഈ സഹധർമ്മിണിമാരെല്ലാം സാക്ഷരരായിത്തീർന്നത് ഇസ്‌ലാമിൽ നല്ലതല്ലാത്തതും കറാഹത്തുമായ കാര്യമെന്ന നിലക്കായിരുന്നോ? ഫതാവൽ ഹദീസിയ്യക്കാരന്റെ വാറോല എന്തേ ഈ സഹധർമ്മിണിമാർ കണ്ടില്ലേ? സമസ്തയുടെ ഫാത്വിമ ബീവിമാർ തദടിസ്ഥാനത്തിൽ എഴുത്തഭ്യസിക്കാൻ മുതിരാതിരുന്നത് പോലെ നബി പത്നിമാർ എന്ത് കൊണ്ടതിന് മുതിർന്നില്ല? വീണ്ടും കാണുക.

[2] http://salafivoice.com/articles/Navodhanam_Janangale_Kabalippikkunna_Samasthakkar.pdf

‘‘നന്നായി എഴുതുവാനും വായിക്കുവാനും അറിയുന്ന മറ്റൊരു പത്നിയാണ് ഹ:ഹഫ്സ(ﷺ). ഹ:അബ്ദുറഹിമാനുബ്നു ഔഫിന്റെ മാതാവായ ഹ:ശിഫയെ അവർക്ക് എഴുത്ത് പഠിപ്പിക്കാൻ ഏൽപ്പിച്ചത് തന്നെ പ്രവാചകൻ പ്രത്യേകം താൽപര്യമെടുത്തത് കൊണ്ടാണ്.’’ (മഹിളാ ചന്ദ്രിക 1996 ജനുവരി, സൈതുമുഹമ്മദ് നിസാമി)

സമസ്തക്കാരുടെയും ഹൈതമിയുടേയും വാറോല പ്രകാരം ഇസ്‌ലാം വെറുത്ത ഒരു കാര്യത്തി നാണല്ലോ നബി (ﷺ)യും സ്വഹാബീ വനിതയും മുൻ കൈ എടുത്തത്? ഒരു മുസ്‌ലിമിന് അംഗീ കരിക്കാൻ പറ്റുമോ ഇത്? സ്ത്രീകളുടേയോ മറ്റേതെങ്കിലും വിഭാഗത്തിന്റെയോ അക്ഷരാഭ്യാ സത്തെ നബി(ﷺ) ഒരിക്കലും വെറുത്തിട്ടില്ലെന്ന് മാത്രമല്ല, അതിനെ പ്രോൽസാഹിപ്പിക്കുക യാണ് ചെയ്തിട്ടുള്ളത്. മഹിളാ ചന്ദ്രികയിലൂടെയും അല്ലാതെയും സമസ്തയുടെ പുരോഹിത ന്മാരെ കൊണ്ട് ഈ വസ്തുത അംഗീകരിപ്പിക്കാൻ കഴിഞ്ഞതും ഇപ്പോൾ സമസ്തക്കാരുടെ സ്ഥാപനങ്ങളിൽ പോലും സ്ത്രീകൾക്ക് എഴുത്ത് അഭ്യസിപ്പിക്കുന്നതും മുജാഹിദുകൾ നട ത്തിയ നവോത്ഥാന ഫലം തന്നെ. ഇനി ബാക്കി കിടക്കുന്നത് ഒരൊറ്റ സംശയം മാത്രമാണ്. സ്ത്രീകളുടെ കയ്യെഴുത്തിനെ ഹറാമാക്കിയും കറാഹത്താക്കിയും അല്ലാതെയും അൽ ബയാ നിലും അൽ ബുർഹാനിലും മറ്റും കുറ്റപ്പെടുത്തിയ സമസ്തക്കാരുടെ ഫത്‌വകൾ ഇപ്പോഴും നില നിൽക്കുന്നുണ്ടോ? നില നിൽക്കുന്നുവെങ്കിൽ ഹൈതമിയുടെ വാറോലയെ അവഗണിച്ചു കൊണ്ടല്ലേ ഇപ്പോൾ മുജാഹിദുകളോടൊപ്പം എഴുത്തഭ്യാസത്തിന്റെ കാര്യത്തിൽ ഇവർ നില കൊള്ളുന്നത്?